## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1745

25/03/2013-ൽ
മറുപടിയ്ക്ക്

**കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫിസിക്സ്) തസ്തികയുടെ എൻ.സി.എ ഒഴിവുകൾ**

**ചോദ്യം**

ശ്രീ.എം.ഉമ്മർ :

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫിസിക്സ്) തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദാംശം നൽകുമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഫിസിക്സ് വിഭാഗം ലക്ചറർ തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര എൻ.സി.എ ഒഴിവുകൾ നിലവിലുണ്ട് ; ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (ബി) | 7 എൻ.സി.എ ഒഴിവുകൾ നിലവിലുണ്ട്.<br><br>**<u>പ്രസ്തുത ഒഴിവുകളുടെ ജാതി തിരിച്ചുള്ള കണക്ക്</u>**<br><br>എസ്.സി 1<br>എസ്.റ്റി 1<br>ഒ.എക്സ് 1<br>നാടാർ ഹിന്ദു 1<br>വിശ്വകർമ്മ 1<br>മുസ്ലീം 1<br>എൽ.സി / ആംഗ്ലോ ഇന്ത്യൻ 1<br>**ആകെ** 7 |
| (സി) | പി.എസ്.സി-യുടെ 45/2012 വിജ്ഞാപന പ്രകാരമുള്ള നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്നറിയിക്കുമോ ; | (സി) | പി.എസ്.സിയുടെ കാറ്റഗറി നം. 45/12 വിജ്ഞാപന പ്രകാരമുള്ള ലക്ചറർ ഇൻ ഫിസിക്സ് (NCA -V) തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ച യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് One Time Registration -ന്റെ ഭാഗമായുള്ള പ്രമാണ പരിശോധന ഉടൻ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാർക്ക് നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് എന്നറിയിക്കുമോ ; | (ഡി) | One Time Registration പൂർത്തിയാക്കിയതിനുശേഷം മാത്രമേ സെലക്ഷൻ നടപടികളെ സംബന്ധിച്ച് തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | പ്രസ്തുത തസ്തികയിലേക്ക് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ; | (ഇ) | 7 പേർ Online ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത തസ്തികയിലേക്ക് എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ? | (എഫ്) | തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി നിയമന ശുപാർശ ലഭിച്ചാൽ മാത്രമേ നിയമനം നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ